# 3

# ക്രിസ്തു നിമിത്തം ഒരു ക്രിസ്തീയ ജീവിത രീതിക്കായി ആഹ്വാനം ചെയ്യുന്നു

## (തിത്തൊസ് 3)

*"... ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ കരുതേണ്ടതിനു, നീ ഇതു ഉറപ്പിച്ചു പറയേണം എന്നു ഞാൻ ഇച്ഛിക്കുന്നു" (തിത്തൊസ് 3:8).*

2:11-14-ൽ ദൈവകൃപയും അതു എല്ലാവരിലും എങ്ങനെ വന്നു എന്നും പൗലൊസ് ശരിയായി ചർച്ചചെയ്തു വിവരിച്ചിരിക്കുന്നു, അതിൽ നമ്മുടെ ജീവിതത്തെ കുറിച്ചും സൽപ്രവൃത്തികളിൽ നാം ശുഷ്കാന്തിയുള്ളവരാകണം എന്നും അവൻ വ്യക്തമാക്കിയിരിക്കുന്നു. 3:1-11-ൽ, അവൻ ക്രിസ്തുവിന്റെ നാമത്തെ സ്നേഹിക്കുന്നതിന് ആവശ്യമായ ക്രിസ്തീയ നടപ്പ് പ്രത്യേകമായി വിവരിക്കുന്നു. ആ പ്രത്യേകതകൾ വ്യക്തികളുമായും (3:1, 10, 12, 13), പെരുമാറ്റ തത്വങ്ങളുമായും (3:2, 3), നമുക്കുവേണ്ടി പ്രവർത്തിക്കുന്ന ദൈവകൃപയുടെ ബോധ്യമാക്കലുമായും (3:4-6) ബന്ധപ്പെട്ടിരിക്കുന്നു. ആ ഉൾപ്പെടലുകളെല്ലാം 3:7-ൽ വിവരിച്ചിരിക്കുന്ന മഹത്തായ ഒരു അവസാനവുമായി ബന്ധപ്പെട്ടിരിക്കുന്നു: "കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിതീരേണ്ടതിനു തന്നേ." താല്ക്കാലിക പരീക്ഷണങ്ങൾ വരുമ്പോൾ പലപ്പോഴും നാം ആ മഹത്തായ ലക്ഷ്യത്തെ കാണാതെ പോകുകയാണ്. തന്റെ അവസാന വന്ദനങ്ങൾ അറിയിക്കുമ്പോൾ പൗലൊസിന്റെ ഉപസംഹാരപരാമർശങ്ങൾ അവന്റെ കാഴ്ചപ്പാട് നിലനിർത്തി സൂക്ഷിക്കുന്നു (3:12-15).

**പാഠം 5: ക്രിസ്തീയ നടപ്പും ക്രിസ്തുവിന്റെ നിദാനവും (3:1-11)**

## വിളിക്കപ്പെട്ട ജീവിതശൈലി
## (വാ. 1, 2)

### പൗരനെ സംബന്ധിക്കുന്ന കാര്യങ്ങൾ (വാ. 1)

പൗലൊസ് പറഞ്ഞു, “വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, കീഴടങ്ങി അനുസരിപ്പാനും ഓർപ്പിക്ക, ...” (3:1). ക്രിസ്ത്യാനികൾ അധി കാരത്തെ എപ്പോഴും മാനിക്കുന്നവരാണ് (നോക്കുക പ്രവൃത്തികൾ 23:1–5; 1 പത്രൊസ് 2:13–17). അനുസരണവും[1] കീഴ്പ്പെടലുമാണ് ഇവിടെ “അധി കാരികളോടു”[2] ആവശ്യപ്പെടുന്ന നടപ്പു. ഇതു വാഴ്ച്ചകളോടും അധി കാരങ്ങളോടും ഉള്ള ബന്ധത്തിൽ - നിയമ നിർമ്മാതാക്കളെയും നിയമപാലകരെയും ഉൾപ്പെടുത്തിയിരിക്കുന്നു. “അനുസരണം” അർത്ഥ മാക്കുന്നത് *അതു ചെയ്യുക* എന്നാണ്, എന്നാൽ “കീഴ്പ്പെടൽ” എന്നത് ഒരാളുടെ ചെയ്യുന്ന *മനോഭാവത്തെ* സൂചിപ്പിക്കുന്ന ആശയമാണ് (ഒരു സമാന്തര ഘടനക്കു നോക്കുക എബ്രായർ 13:17). ഈ വാക്കുകൾ യോജി പ്പിച്ചാൽ, അർത്ഥമാക്കുന്നത് നിയമം ആവശ്യപ്പെടുന്നതു ചെയ്യേണ്ടതും ചെയ്യുവാൻ നല്ല ഒരു മനോഭാവം ഉണ്ടാകേണ്ടതിനെയുമാണ്.

കർത്താവിന്റെ ജനം “സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിക്കു ന്നു”[3] എങ്കിൽ അനുസരണവും കീഴ്പ്പെടലും സ്വാഭാവികമായി വരും (എഫെസ്യർ 2:10; ഗലാത്യർ 6:9, 10; തിത്തൊസ് 2:14). ഈ സന്ദർഭത്തിൽ ഇതു പ്രധാനമായ ഒരു ഉടമ്പടിയാണ്. “സൽപ്രവൃത്തികൾ” ക്കു വേണ്ടി യാണ് വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും അനുസരിച്ചു കീഴ്പ്പെട്ടിരി ക്കേണ്ടത്. ക്രിസ്ത്യാനികൾ തിന്മ പ്രവർത്തിക്കുവാൻ ആവ ശ്യപ്പെടുന്ന അധികാരങ്ങളെ ഇതിൽ നിന്നു മാറ്റിനിർത്തണം (റോമർ 13:1–7–ൽ അധി കാരികൾക്കുള്ള ദൈവപദ്ധതിയിൽ സ്ഥാനം വ്യക്തമാകുന്നു), സാമൂ ഹ്യമായ കാര്യങ്ങളിൽ അശ്രദ്ധമായി പ്രവർത്തിക്കുന്ന ക്രിസ്ത്യാനിക ളെയും ഇതിൽ നിന്നു മാറ്റി നിർത്തുന്നു (നോക്കുക മത്തായി 5:13–16; 22:17–21). സൽപ്രവൃത്തി ചെയ്യുവാൻ ലഭിക്കുന്ന ഏതവസരത്തിലും ക്രിസ്ത്യാനി അതിനൊരുങ്ങണം.

സർക്കാരുദ്യോഗസ്ഥർ ദൈവജനത്തിന്റെ മുൻപാകെ ധാർമ്മിക അപ മാനത്തെ തിരുത്തുന്നതിനും സമൂഹത്തിൽ സദാചാര സ്വഭാവം ഉത്തേ ജിപ്പിക്കുന്നതിനും എതിരെ നടപടി എടുത്തിട്ടുള്ളത് ഖേദകരമാണ്. പൗലൊസ് നിർദ്ദേശിക്കുന്നത് ക്രിസ്ത്യാനികൾ സംഘടിച്ചു കൊടിയു മായി മാർച്ചു നടത്തി ജനത്തെ ആഹ്വാനം ചെയ്യുവാനല്ല, എന്നാൽ അവൻ ദൈവജനത്തോട് ആവശ്യപ്പെടുന്നത് ക്രിസ്തുവിന്റെ കാൽപാ ടുകളെ പിൻപറ്റുവാനും പൊതുജനങ്ങൾക്കു മുൻപിൽ ധാർമ്മികവും നീതിവിഷയവുമായ പെരുമാറ്റത്തിൽ ദൈവഭക്തിയുടെ ഒരു മാതൃക കാണിച്ചു കൊടുക്കുവാനാണ്.

**സാമൂഹ്യ കാര്യങ്ങളിൽ (വാ. 2)**

ശരിയായ നടപ്പിൽ ചെയ്യേണ്ട പ്രവൃത്തികളും ഒഴിവാക്കേണ്ട പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. ക്രിസ്ത്യാനി ആരെ കുറിച്ചും "ദൂഷണം"[4] പറയരുത് (3:2). അത്തരം സംസാരം ക്രിസ്ത്യാനിക്കു യോജിച്ചതല്ല. ദുഷിച്ച സംസാരം നമ്മുടെ വായിൽ നിന്നു വരരുത് (നോക്കുക എഫെസ്യർ 4:29; കൊലൊസ്യർ 4:6; 1 പത്രൊസ് 3:9, 10). അത്തരം സംസാരം കൊണ്ടു ഒരു ഗുണവുമില്ല കൂടാതെ മാനുഷ ബന്ധങ്ങൾക്കു അതു പ്രയോജനമൊന്നും ചെയ്യുകയുമില്ല.

ക്രിസ്ത്യാനി "കലഹപ്രിയൻ"[5] ആകരുത്. ഇവിടെ മൂപ്പന്മാരുടെ യോഗ്യതകൾ ഉൾപ്പെടുത്തിയിട്ടുള്ളത് (1 തിമൊഥെയൊസ് 3:3) എല്ലാ ക്രിസ്ത്യാനികൾക്കും ബാധകവുമാണ്. ആവശ്യമായ ഈ സ്വഭാവഗുണത്തിന്റെ നല്ല ഒരു ഉദാഹരണം യിരെമ്മ്യാവും നല്കുന്നുണ്ട്. യിരെമ്മ്യാവിനു "കർത്താവു ഇപ്രകാരം അരുളിചെയ്യുന്നു" എന്നറിയിക്കുവാൻ, തനിക്കു മറ്റൊരു ദിവസം ഉള്ളതുകൊണ്ടു, ചീത്ത വിളിച്ചപ്പോൾ പോലും അവൻ താഴ്മയോടെ പോയി (യിരെമ്മ്യാവു 28:1–16).

ക്രിസ്ത്യാനി "സൗമ്യൻ"[6] ആകണം. കലഹം ഉണ്ടാകാനിടയുള്ളപ്പോൾ വളരെ പ്രാധാന്യത്തോടെ പ്രകടിപ്പിക്കേണ്ട ഒരു നല്ല മനോഭാവം ആണിത്.

ക്രിസ്ത്യാനി എല്ലാ "പരിഗണനയും കാണിക്കണം,"[7] കൂടാതെ അവന്റെ പരിഗണന എല്ലാവരോടും കാണിക്കണം. ഗ്രീക്ക് വാക്കിൽ അന്തർലീനമായിരിക്കുന്നത് തീർച്ചയുടെ ശക്തിയാണ്, എന്നാൽ ആ ശക്തി നിയന്ത്രണവിധേയമാണ്. ഒരു വന്യമൃഗത്തെ ചിത്രീകരിച്ചുകൊണ്ടു വില്യം ബാർക്ക്ലെ കടിഞ്ഞാണും കോലും ഉപയോഗിച്ചു അതിനെ അനുസരിപ്പിക്കുന്നതായി പറഞ്ഞിരിക്കുന്നു. അതിന്റെ എല്ലാ ശക്തിയും അപ്പോഴും ഉണ്ട്, എന്നാൽ അതു നിയന്ത്രണവിധേയമായിരിക്കുന്നു.[8]

## കരുതുന്ന സൃഷ്ടികർത്താവുമൂലം ഒരു മാറ്റം (വാ. 3-7)

മാനസാന്തരവും പരിവർത്തനവും മാറ്റത്തെ സൂചിപ്പിക്കുന്നു. മാനസാന്തരമെന്ന മനസ്സിന്റെ മാറ്റമാണ് പരിവർത്തനത്തിലേക്കു നയിക്കുന്നത്, അത് നടപ്പിലും ഗതിയിലുമുള്ള മാറ്റമാണ്. എന്തുകൊണ്ട് അത്തരം മാറ്റങ്ങൾ ക്രമപ്പെടുത്തണം എന്ന് വിവരിക്കുന്ന ചില സ്വഭാവ ഗുണങ്ങളെ പൗലൊസ് എടുത്തു കാണിക്കുന്നുണ്ട്.

**മനുഷ്യതെറ്റുകൾ മാറ്റത്തിനായി ക്ഷണിക്കുന്നു (വാ. 3)**

ഒരിക്കൽ "നാം ... ആയിരുന്നു" എന്നു പൗലൊസ് പറഞ്ഞു (3:3). ഉപദ്രവകാരിയായിരുന്ന (ശൗൽ) പൗലൊസ് ആയി മാറിയപ്പോൾ അവന്റെ ജീവിതത്തിൽ ഈ തെറ്റായ സ്വഭാവങ്ങൾ എത്ര ഉണ്ടായിരുന്നു? നിങ്ങൾ ആ സ്വഭാവഗുണങ്ങൾ അവനുമായി എത്ര പങ്കിട്ടിട്ടുണ്ട്?

നിങ്ങൾ "വിഡ്ഢി"[9] ആയിരുന്നിട്ടുണ്ടോ? ചിന്തിക്കാതെ പ്രവർത്തിക്കുന്നതിനാൽ, ബുദ്ധിയില്ലാത്ത പ്രവൃത്തിയാൽ, അല്ലെങ്കിൽ ഭോഗേച്ഛയാൽ ഒക്കെ ആളുകൾ വിഡ്ഢികളായിട്ടുണ്ട്. നമ്മുടെ എല്ലാവരുടേയും

ജീവിതത്തിൽ സംഭവിച്ചിട്ടുള്ള വിഡ്ഢിത്ത നിമിഷങ്ങൾ ഓർമ്മയുണ്ടാകും. അതു വിഡ്ഢിത്തമാകാൻ കാരണം നമുക്ക് നല്ല അറിവില്ലാത്തതായിരിക്കാം (പൗലൊസിന്റെ കാര്യത്തിൽ, അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചപ്പോൾ സംഭവിച്ചതുപോലെ; പ്രവൃത്തികൾ 23:1), അല്ലെങ്കിൽ നാം ചിന്തിക്കാതിരുന്നതുകൊണ്ടു സംഭവിച്ചതാകാം!

നിങ്ങൾ "അനുസരണക്കേടിൽ"[10] ആയിരുന്നിട്ടുണ്ടോ? അതു സാധാരണയായി ശ്രദ്ധയില്ലാത്തവർക്കു സംഭവിക്കുന്നതാണ്. അത്തരം ഒരു വ്യക്തിയെ സദൃശവാക്യങ്ങൾ 5:12–14 വ്യക്തമാക്കുന്നത് അയാൾ പിന്നീടു പറയും, "അയ്യോ ഞാൻ പ്രബോധനം എത്ര മാത്രം വെറുത്തു! എന്റെ ഹൃദയം ശാസനയെ നിരസിക്കയും ചെയ്തുവല്ലൊ! എന്റെ ഉപദേഷ്ടാക്കന്മാരുടെ വാക്ക് ഞാൻ അനുസരിച്ചില്ല, എന്നെ പ്രബോധിപ്പിച്ചവർക്കു ഞാൻ ചെവി കൊടുത്തുമില്ല! സഭായോഗത്തിലും ഇടവകയിലും ഞാൻ ഏതാണ്ടു പൂർണ്ണമായും നശിച്ചവനായിരുന്നു."

നിങ്ങൾ "വഞ്ചിക്കപ്പെട്ടിട്ടുണ്ടോ"[11]? ചിലർ വളരെ എളുപ്പത്തിൽ വഞ്ചിക്കുന്ന സ്വഭാവം ഉള്ളവരാണ് (നോക്കുക റോമർ 16:17, 18; 1 യോഹന്നാൻ 4:1). നാം ശ്രദ്ധിച്ചില്ലെങ്കിൽ, നാം അവരുടെ കെണിയിൽ അകപ്പെടും!

നിങ്ങൾ വിവിധ "മോഹങ്ങൾക്ക്"[12] ഇരയായി തീർന്നിട്ടുണ്ടോ? ആളുകൾ മോഹങ്ങൾക്കും ഭോഗങ്ങൾക്കും "ഇരയായി"[13] തീരും. *ആളുകൾ "കുടുങ്ങുന്നതു" വരെ ഈ ലിസ്റ്റിൽ പറയുന്ന രീതിയെ വിവേചനശക്തിയില്ലാതെ പിന്തുടരുന്നത് എത്ര ഖേദകരമാണ് - അവർ ആ ജീവിത ശൈലിക്ക് അടിമയായി തീരുന്നതു വരെ അവർ അതിനെ പിന്തുടരുന്നു. അത്തരം ജീവിത ശൈലി ആഗ്രഹിക്കത്തക്കതല്ല എന്നു തിരിച്ചറിഞ്ഞിട്ടും അവർക്കു തൃപ്തിയാകാതിരുന്നിട്ടുപോലും അവർ അതിൽ തുടർന്നു ജീവിക്കുന്നുണ്ട്.* വാക്യം 4 ഉം 5 ഉം കാണിക്കുന്നത്, നാം ഓരോരുത്തരും അന്യോന്യം അതു വിട്ടു കളഞ്ഞാലും, ദൈവം അതു നമ്മിൽ നിന്നു വിട്ടുകളയുന്നില്ല.

പൗലൊസിന്റെ വിശദീകരണം അനുസരിച്ചു, ക്രിസ്തുവിനെ അറിയാത്തവർ "അസൂയയിലും"[14] "പകയിലും"[15] ആണ് ജീവിക്കുന്നത്. നാം അസൂയയിലാകുമ്പോൾ, കുഴപ്പത്തിൽ ചെന്നു ചാടും (പുറപ്പാട് 20:17). ക്രിസോസ്റ്റം പറഞ്ഞു, "പാറ്റ വസ്ത്രം കാർന്നു തിന്നുന്നതുപോലെയാണ്, അസൂയ ഒരാളെ കാർന്നു തിന്നുന്നത്."[16] അത്തരം വ്യക്തി അധാർമ്മികനും തൃപ്തിപ്പെടാത്തവനുമാണ്.

അത്തരം വ്യക്തി "പകയുള്ളവൻ,"[17] ആകുകയും അയാൾ തന്നെയും തന്റെ സ്വാധീന വലയത്തിൽ വരുന്ന എല്ലാവരേയും വേദനിപ്പിക്കുന്നതും സ്വാഭാവികമാണ്. നാം അത്തരത്തിലുള്ള ഒരു വ്യക്തിക്കു ചുറ്റും ആകാതിരിക്കുക. ക്രിസ്തു യൂദാ ഇസ്ക്കാര്യോത്താവിനെ കുറിച്ചു പറഞ്ഞതു അത്തരം വ്യക്തിക്ക് യോജിക്കും: "... ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവനു നന്നായിരുന്നു" (മത്തായി 26:24). ആ വ്യക്തി ഒരു നല്ല കൂട്ടുകാരൻ ആയിരിക്കയില്ല.

**നിത്യമായ ഉപകാരങ്ങളോടു കൂടിയ ക്രിയാത്മക മാറ്റമാണ് ദൈവിക ആനുകൂല്യം നല്കുന്നത് (വാ. 4-7)**

മാനുഷ തെറ്റുകൾ കൊണ്ടുണ്ടാകുന്ന ഭയങ്കര പരീക്ഷണങ്ങൾക്കു ശേഷം, ധർമ്മോപകാരിയായ ദൈവം നമ്മിലുള്ള ശക്തി കാണുന്നത് എത്ര മഹത്തായ കാര്യമാണ്. ദൈവഭാഗത്ത് അതു തീർച്ചയായും "ദയയുടെ"[18] സംജ്ഞ ആണ് (3:4). റോബിൻസൺ "ദയയെ" കുറിച്ച് "വ്യക്തികൾ മറ്റുള്ളവർക്കു ഉപകാരപ്രദമാകുന്നു"[19] എന്നാണ് വിവരിച്ചത്. വെറുക്കപ്പെട്ട (പകക്കപ്പെട്ട) അവസ്ഥയിൽ നാം എത്തുമ്പോൾ, അത് നമുക്ക് എത്ര ഉപയോഗമുള്ളതാകും, നമ്മുടെ അടുക്കൽ വന്നു നമ്മെ ഉയർന്ന ജീവിത നിലവാരത്തിലേക്കും പ്രതലത്തിലേക്കും ഉയർത്തുവാന്തക്കവണ്ണം ദയയുള്ളവനാണ് ദൈവം!

തന്റെ "സ്നേഹം"[20] നിമിത്തം ദൈവം ദയ കാണിക്കുന്നു. ഇവിടത്തെ "സ്നേഹം" എന്നതിനുള്ള വാക്ക് *അഗാപെ* അല്ല, അതു ദൈവവുമായുള്ള ബന്ധത്തിലാണ് സാധാരണ ഉപയോഗിച്ചിട്ടുള്ളത് (നോക്കുക 1 യോഹന്നാൻ 4:8; റോമർ 5:8). പകരം, പൗലൊസ് ശരിയായി ഉപയോഗിച്ചിരിക്കുന്ന വാക്ക് ധർമ്മോപകാര സ്നേഹവും ദയയുമാണ് പ്രകടിപ്പിക്കുന്നത് (ഈ സന്ദർഭം ആവശ്യപ്പെടുന്നതും ദൈവത്തിൽ സമൃദ്ധമായി ഉള്ളതും അതാണ്).

ദൈവ നന്മയിലെ മറ്റൊരു ഭാഗമാണ് "കരുണ."[21] ബൃഹത്തായ ആവശ്യത്തിനു എന്തു മനോഹര ഗുണങ്ങളാണ് ഉള്ളത്! നമ്മുടെ വലിയ ആവശ്യത്തെ സംബന്ധിച്ചു, "അവൻ നമ്മെ രക്ഷിച്ചു" (3:5). പാപം ചെയ്ത നമുക്കു രക്ഷക്കു വേണ്ടി ഒന്നും ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല (റോമർ 3:23; 5:6-11; 2 കൊരിന്ത്യർ 3:5, 6; 1 യോഹന്നാൻ 1:8, 10).

പാപമോചന *പദ്ധതിക്കു* രണ്ടു വശങ്ങളാണുള്ളത്: (1) ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ "പുനർജ്ജനന സ്നാനത്താൽ" ജീവന്റെ പുതുക്കത്തിൽ പ്രവേശിക്കുന്നു (ഗലാത്യർ 3:26, 27; റോമർ 6:3, 4; 2 കൊരിന്ത്യർ 5:17).[22] (2) അവന്റെ വാഗ്ദാനം നിറവേറുന്നത് പരിശുദ്ധാത്മാവിനാൽ "നവീകരണം"[23] നടക്കുമ്പോഴാണ്. ആത്മാവിന്റെ പുതുക്കൽ നടക്കുന്നത് പുതിയ ജനനവുമായി ബന്ധപ്പെട്ടാണെങ്കിൽ, പിന്നെ ആത്മാവിന്റെ ഏജന്റാണ് വചനം (1 പത്രൊസ് 1:22, 23 നെ മർക്കൊസ് 16:15, 16; 1 കൊരിന്ത്യർ 12:13; എഫെസ്യർ 5:25 എന്നതുമായി താരതമ്യം ചെയ്യുക). അതു ക്രിസ്തുവിലുള്ള നമ്മുടെ ജീവിതത്തിലെ ആത്മാവിന്റെ പുതുക്കൽ ആണ് എങ്കിൽ, അത് ഗലാത്യർ 5:22, 23 ലെ ഫലം പുറപ്പെടുവിക്കേണ്ടതിനാണ്.

പുതിയ ജനനത്തിനു സാധ്യമാക്കി തീർത്ത *ഏക വ്യക്തി* നമ്മുടെ രക്ഷകനായ, യേശുക്രിസ്തുവാണ് (3:6; നോക്കുക പ്രവൃത്തികൾ 4:12). നാം 2:11-14-ൽ വായിക്കുന്നു,

> സകലമനുഷ്യർക്കും രക്ഷാകരമായ, ദൈവകൃപ ഉദിച്ചുവല്ലോ, നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും, മഹാദൈവവും നമ്മുടെ രക്ഷിതാവുമായ, യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജി

ച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും, നീതിയോടും ദൈവ ഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിനു, അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു; അവൻ തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു, ...

നമുക്കു ദൈവിക പദ്ധതിയാലും പ്രധാന വ്യക്തിയാലും ലഭിച്ചതായ *സാധ്യതകൾ* രണ്ടാണ്: (1) നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെടുന്നു (എഫെസ്യർ 2:1–10), (2) നമുക്കു നിത്യജീവന്റെ അവകാശവും ലഭിച്ചു (3:7; 1:2; എബ്രായർ 5:8, 9). നമ്മുടെ കഴിഞ്ഞകാല പാപങ്ങൾ ക്ഷമിച്ചു നമ്മെ ദത്തെടുത്തു ദൈവഭവനത്തിലെ അവകാശങ്ങൾക്ക് ഓഹരിക്കാരാക്കുന്നു (നോക്കുക ഗലാത്യർ 4:4–7). വില്യം പെൻ പറഞ്ഞിരിക്കുന്നതു പോലെ, “ഒരിക്കലും അവസാനിക്കാത്തതാണ് ജീവിതം എന്നറിയുന്നതാണ് ജീവിതത്തിന്റെ വാസ്തവത്തിലുള്ള അന്ത്യം.”[24]

## വിശ്വാസികളുടെ ഇടയിലുള്ള പ്രത്യേക നടപ്പു (വാ. 8-11)

“സകല സൽപ്രവൃത്തിക്കും” ഒരുങ്ങേണ്ടതിനു ആവശ്യമായ മാർഗ്ഗനിർദ്ദേശം വാക്യം 2 മുതൽ 7 വരെ നല്കുന്നു (3:1). ആ വാക്യങ്ങളിൽ പൗലൊസ് അവതരിപ്പിക്കുന്നത് ആവശ്യമായ പെരുമാറ്റം, ആവശ്യമായ വിട്ടുവീഴ്ച്ച അല്ലെങ്കിൽ മാറ്റങ്ങളും, ദൈവം തന്റെ ദയയിലും, സ്നേഹത്തിലും, കരുണയിലും ലഭ്യമാക്കിയ ദൈവിക ഉപകാരങ്ങൾ എന്നിവയുമാണ്. ദൈവത്തിന്റെ മഹത്തായ വ്യവസ്ഥ പിൻപറ്റുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും അച്ചടക്ക ജീവിതത്തിലാകേണ്ടതിനു, സൽപ്രവൃത്തികളും നല്ല ജീവിതവും നിലനിർത്തേണ്ട വെല്ലുവിളിയാണ് വാക്യം 8 മുതൽ 11 വരെ നല്കുന്നതു.

### പ്രയോജനകരമായ പ്രവൃത്തികൾ (3:8)

ഈ കാര്യങ്ങൾ തിത്തൊസ് “ആത്മവിശ്വാസത്തോടെ”[25] ഉറപ്പിച്ചു പറയണം എന്നാണ് പൗലൊസ് ആഗ്രഹിച്ചത് (3:8). 1 തിമൊഥെയൊസ് 1:7-ൽ മാത്രമാണ് പുതിയ നിയമത്തിൽ ഈ വാക്ക് വീണ്ടും ഉപയോഗിച്ചിട്ടുള്ളത്. എങ്ങനെയായാലും, അവിടെ പറയുന്ന ആളുകൾ “തങ്ങൾ പറയുന്നതെന്താണെന്നു മനസ്സിലാക്കാത്തവർ അല്ലെങ്കിൽ അവർ ആത്മവിശ്വാസത്തോടെ തറപ്പിച്ചു പറയുന്നതു മനസ്സിലാക്കാത്തവരാണ്.” കർത്താവിന്റെ സുവിശേഷകന്മാർ ആത്മവിശ്വാസത്തോടെ സത്യം അവതരിപ്പിക്കുവാൻ പരാജയപ്പെടുന്നതും ദുരുപദേഷ്ടാക്കന്മാർ തങ്ങളുടെ മനോഭാവം പ്രദർശിപ്പിക്കയും ചെയ്യുന്നതു എത്ര ഖേദകരമാണ്!

സുവിശേഷകന്മാർ സഹോദരന്മാരെ സൽപ്രവൃത്തികളിൽ “ഏർപ്പെടുത്തുവാൻ”[26] പ്രബോധിപ്പിക്കണമെന്നാണ് പൗലൊസ് ആഗ്രഹിച്ചത്. സൽപ്രവൃത്തികൾ നിലനിർത്തേണ്ടതിന്, കർത്താവിന്റെ ദാസന്മാർ അവയെ കരുതലോടെ ശ്രദ്ധിക്കണം. തിരുവെഴുത്തു പഠിച്ചുകൊണ്ടു നമുക്ക് സൽപ്രവൃത്തിക്കു പ്രാപ്തരാകാം (2 തിമൊഥെയൊസ് 3:16).

എന്തിനാണ് നാം അത്തരം പ്രവൃത്തികൾ നിലനിർത്തേണ്ടത്? കാരണം അതു ദൈവത്തിന്റേതും അവ “നല്ലതും” ആണ് – അതു

കൊണ്ടു, *ദൈവത്തെ പ്രസാദിപ്പിക്കുന്നതാണ്*. എഫെസ്യർ 2:10 പറയുന്നു "നാം അവന്റെ കൈപ്പണിയായി, സൽപ്രവൃത്തിക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു, നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു." കൂടാതെ, സൽപ്രവൃത്തികൾ മറ്റുള്ളവരുടെ പ്രയോജനത്തിനാണ് – അതുകൊണ്ട്, *മനുഷ്യർക്കു പ്രസാദകരമാണ്* (1 തിമൊഥെയൊസ് 4:8; നോക്കുക ഗലാത്യർ 4:8; 1 കൊരിന്ത്യർ 15:58). സ്നേഹിതന്മാരെ നേടുന്നതും ആളുകളെ സ്വാധീനിക്കുന്നതും എങ്ങനെ എന്നു അമേരിക്കൻ ലെക്ചറർ ഡേൽ കാർണെജി പഠിപ്പിക്കുവാൻ തുടങ്ങുന്നതിനുമുൻപു തന്നെ നല്ല ബന്ധങ്ങൾക്കുവേണ്ട ഫോർമുല പൗലൊസ് നല്കിയിട്ടുണ്ട്.

### നിഷ്പ്രയോജനവും വ്യർഥവുമായ പ്രവൃത്തികൾ (3:9)

ചില രീതിയിലുള്ള ചർച്ച ക്രിസ്ത്യാനികൾ "നിർത്തണം"[27] (3:9). "വിഡ്ഢിത്ത"[28] ചോദ്യങ്ങൾ നാം ഒഴിവാക്കണം. സഹോദരങ്ങൾക്കിടയിൽ (പ്രാസംഗികരും ഉൾപ്പെടുന്ന) ചർച്ചയോ ബൈബിൾ ക്ലാസോ നടക്കുമ്പോൾ പഠിക്കാതെ, മുൻവിചാരം ഇല്ലാതെ, വിവേക്ഷ ഇല്ലാതെ ചോദ്യങ്ങൾ ചോദിക്കുന്നതു എത്ര ഖേദകരവും സമയം പാഴാക്കുന്നതുമാണ് (നോക്കുക യാക്കോബ് 1:5). അതു ദൈവവിചാരമില്ലാത്ത ഭക്തിയായി കണക്കാക്കണം. വിലയില്ലാത്ത ചർച്ച ചെയ്യുന്ന ആൾ രക്ഷയുടെ ബന്ധത്തെ നിന്ദിക്കയും ഉപേക്ഷിക്കയും ചെയ്യുന്ന വ്യക്തിയാണ്.

നാം "വംശാവലി" ഒഴിവാക്കണം (നോക്കുക തിത്തൊസ് 1:9, 10, 14; 1 തിമൊഥെയൊസ് 1:3–7; 6:3–5). മറിച്ച്, നാം വിശ്വസ്ത വചനം മുറുകെ പിടിക്കണം – മറ്റുള്ളവരെ അതു ചെയ്യുവാൻ പ്രോത്സാഹിപ്പിക്കയും വേണം. വംശാവലി കണ്ടുപിടിക്കുവാനുള്ള ശ്രമം നിർത്തുവാനാണ് പൗലൊസ് തിത്തൊസിനോടു പറഞ്ഞത്. അന്നത്തെ യെഹൂദ ഇതിഹാസങ്ങൾ ദൈവിക തെളിവില്ലാത്തതോ കുടുംബ പ്രശംസക്കു കാരണമാകുന്നതോ മാത്രം ആയിരുന്നു (നോക്കുക ഫിലിപ്പിയർ 3:1–9; മത്തായി 3:7–9; ഗലാത്യർ 3:26–29). "മുത്തഛൻ പറഞ്ഞതിൽ" ശ്രദ്ധിക്കയോ "ഇന്ന – ഇന്ന – സഹോദരൻ ഇങ്ങനെയാണ് ചെയ്തിരുന്നത്, അയാൾ നമുക്കു ഇഷ്ടപ്പെട്ട ഉപദേഷ്ടാവായിരുന്നു" എന്നു നിർബ്ബന്ധമായി ശഠിച്ചാൽ നാമും ഇതേ കെണിയിൽ അകപ്പെട്ടേക്കാം. നമ്മുടെ ജീവിതത്തിൽ മുഖ്യസ്വാധീനത്തിനോ, ക്രിസ്തുവിലുള്ള നമ്മുടെ വളർച്ചക്കു തടസമാകുവാനോ അല്ലെങ്കിൽ നല്ല പ്രവൃത്തികളിൽ നിന്നു നമ്മെ മാറ്റി നിർത്തുവാനോ നാം പാരമ്പര്യ ഉപദേശങ്ങളെ അനുവദിക്കരുത്. നിലവാരം സത്യവും, വഴി ക്രിസ്തുവും ആകണം (യോഹന്നാൻ 8:32; 14:6; 2 യോഹന്നാൻ 9). ഇവ സ്ഥിരമായി നില്ക്കുന്നതും ശരിയായതുമാണ്. ഏതെങ്കിലും വ്യക്തിയോ, ബന്ധുവോ, പൈതൃകമോ, അല്ലെങ്കിൽ പാരമ്പര്യമോ നമ്മെ ക്രിസ്തുവിൽ നിന്നും അവന്റെ സത്യത്തിൽ നിന്നും മാറ്റുന്നതിനെ തടയണം (നോക്കുക ആവർത്തന പുസ്തകം 13:1–9; മത്തായി 10:34–37; ലൂക്കൊസ് 12:51–53; 14:25, 26; 1 കൊരിന്ത്യർ 1:10–13).

ക്രിസ്ത്യാനികൾ "പോരാട്ടത്തിൽ" ഉൾപ്പെടരുത്. വിഡ്ഢിത്ത ചോദ്യങ്ങളും വില കുറഞ്ഞ വംശാവലിയെ കുറിച്ചുള്ള വാദങ്ങളും അടിക്കടി

യുണ്ടായാൽ അതു പോരാട്ടത്തിലേക്കു നയിക്കും. ആ തർക്കങ്ങൾ നിസാരമായ കാര്യത്തെ ചൊല്ലിയാണ് തുടങ്ങുന്നതെങ്കിലും അവസാനിക്കുന്നത് സഹോദരങ്ങൾക്കു വൃണമുണ്ടാക്കുന്ന മോശമായ അവസ്ഥയിലാണ്.

ആളുകളെ ഒന്നിച്ചു നിർത്തുന്ന, ക്രിസ്തുവിന്റെ നിയമത്തെ ആളുകൾ മോശമായി കൈകാര്യം ചെയ്യുന്നതുകൊണ്ട്, അതു "തർക്കങ്ങളിലേക്കു"[29] നീങ്ങുവാൻ കാരണമാകുന്നതു ദുഃഖകരമാണ്. ഈ രീതി ചിലരെ മാനുഷിക വിശകലനത്തിൽ നിന്നു ആത്മിക പക്ഷവാതത്തിലേക്കു നയിക്കുന്നു. അവർ ഊഹാപോഹങ്ങൾ വെച്ചു എതിർക്കുമ്പോഴും, നിസ്സാര കാര്യങ്ങളെ അവർ കാര്യമാക്കുകയും മുഖ്യമായവയെ നിസാരമാക്കുകയും ചെയ്യുന്നവർ ആകും (അല്ലെങ്കിൽ സത്യത്തിന്റെ വിലയുള്ള കാര്യങ്ങൾ; നോക്കുക മത്തായി 23:23, 24; ഗലാത്യർ 4:9–11). ഈ നടപ്പു "നിഷ്പ്രയോജനമാണ്" (ഒരു പുരോഗതിയുമുണ്ടാക്കുകയില്ല) "വിലയില്ലാത്തതുമാണ്" (ഒരു ഉദ്ദേശവുമില്ല).

വില്യം ബാർക്ക്ലേ ഈ ചിന്തയെ അതിനുയോജിച്ചു ചുരുക്കി പറഞ്ഞിരിക്കുന്നു:

> ഗ്രീക്ക് തത്വചിന്തകന്മാർ തങ്ങളുടെ സമയം ചെലവിട്ടിരുന്നത് തലനാരിഴ - പിന്നുന്ന പ്രശ്നങ്ങളിലായിരുന്നു. യെഹൂദ ഗുരുക്കന്മാർ സമയം ചെലവിട്ടതു സങ്കല്പങ്ങളെ പണിയുന്നതിനും പഴയ നിയമ വ്യക്തികളുടെ വംശാവലികളിൽ ശ്രദ്ധിക്കുന്നതിനുമായിരുന്നു. ശബ്ബത്തിൽ എന്തു ചെയ്യുവാനും എന്തു ചെയ്യാതിരിക്കുവാനും കഴിഞ്ഞു എന്നും, അശുദ്ധമായവ എന്തെല്ലാം എന്നതിനെ കുറിച്ചും യെഹൂദ ശാസ്ത്രിമാർ മണിക്കൂറുകൾ ചർച്ച ചെയ്യുമായിരുന്നു. മതപരമായ ചോദ്യങ്ങൾ ചർച്ച ചെയ്യുന്നവരെ മതത്തിന്റെ ആളുകൾ എന്നു ധരിക്കുന്നതു അപകടമാണ്. തർക്കിക്കുവാൻ വേണ്ടി തർക്കിക്കുന്ന ഒരു കൂട്ടം ആൾക്കാരുണ്ട്. വേദശാസ്ത്രപരമായ ചോദ്യങ്ങളെ കുറിച്ചു മണിക്കൂറുകളോളം ചർച്ച ചെയ്യുന്നവരുണ്ട്. ജോലിയിൽ ആത്മാർ ത്ഥതയും ഉത്സാഹവും കാണിക്കുക, വീട്ടു ജോലികളിൽ സഹായിക്കുക എന്നതിനേക്കാൾ എളുപ്പമാണ് വേദശാസ്ത്രപരമായ ചോദ്യങ്ങൾ ചർച്ച ചെയ്യുക എന്നത്. ക്രിസ്തീയ ജീവിതത്തിലെ ചെറിയ കടമകൾ ചെയ്യുന്നതു മാറ്റിവെച്ചു വേദശാസ്ത്രപരമായ ചോദ്യങ്ങളെ ഇരുന്നു ചർച്ച ചെയ്യുന്നതു വലിയ ഗുണമൊന്നുമല്ല. അത്തരം ചർച്ചകൾ ക്രിസ്തീയ ചുമതലകൾ നിർവ്വഹിക്കുന്നതിൽ നിന്നു ഒഴിഞ്ഞു മാറുന്നതാണ്.
>
> ... അതിനർത്ഥം ക്രിസ്തീയ ചർച്ചകൾ വേണ്ട എന്നല്ല; എന്നാൽ പ്രവൃത്തികൾ ശ്രദ്ധിക്കാതെ ചർച്ചകളിൽ മുഴുകുന്നതിൽ അർത്ഥമില്ല എന്നതാണ് സൂചന.[30]

## തലതിരിഞ്ഞ ആളുകളെ തിരുത്തുവാൻ അച്ചടക്കം ആവശ്യമാണ് (3:10, 11)

ചില ആത്മാക്കൾ തെറ്റുകൾ ചെയ്തുകൊണ്ടിരിക്കും അല്ലെങ്കിൽ

അഭക്തിയുള്ള പെരുമാറ്റം കാണിക്കും എന്നു കർത്താവിനു അറിയാമായിരുന്നു. അത്തരം വ്യക്തിക്കു വേണ്ടി ആത്മാവു ഒരു പേർ നമുക്കു നൽകിയിട്ടുണ്ട്: അവൻ "ഭിന്നത"[31] വരുത്തുന്നവൻ (3:10). പോരാട്ടത്തിന്റെ ഫലം ഭിന്നതയാണ്.

അത്തരം വ്യക്തിയെ നേരിടേണ്ട രീതി 3:10-ൽ നല്കിയിട്ടുണ്ട്. സഹോദരന്മാർ അത്തരം ഭിന്നിപ്പുണ്ടാക്കുന്ന സഹോദരനെ ഒന്നു രണ്ടു വട്ടം ബുദ്ധിയുപദേശിച്ചു "മുന്നറിയിപ്പ്" നല്കുക (നോക്കുക മത്തായി 18:15-17). ആ ശ്രമങ്ങൾ വിജയിച്ചില്ലെങ്കിൽ, വിശ്വസ്തരായ ക്രിസ്ത്യാനികൾ അയാളെ "തള്ളിക്കളയണം." ആ രീതിയിൽ ഭിന്നിപ്പുണ്ടാക്കുന്ന ഒരു വ്യക്തിയെ ആരെങ്കിലും കണ്ടുമുട്ടുമ്പോൾ *അയാളെ ഒഴിവാക്കണം അല്ലെങ്കിൽ തള്ളിക്കളയണം എന്ന പൗലൊസിന്റെ അപേക്ഷ കേൾക്കണം.* അതായത്, കർത്താവിന്റെ - രക്തത്താൽ സമ്പാദിച്ച സഭയെ ഒരു വ്യക്തിയോ കൂട്ടമോ ഭിന്നിപ്പിക്കുന്നതിനോടു ചേരുവാനോ അതിനെ അനുകൂലിക്കുവാനോ പാടില്ല (നോക്കുക 1 കൊരിന്ത്യർ 1:10; റോമർ 16:17, 18; പ്രവൃത്തികൾ 20:29-31). നിരപരാധികളായ പല സഹോദരന്മാരും സാത്താന്റെ ഇത്തരം തന്ത്രങ്ങളിൽ കുടുങ്ങിയിട്ടുണ്ട്.

അത്തരം ഗൗരവവും നിർണ്ണായകവുമായ നടപടി കർത്താവിന്റെ സഭയിലെ ഏതൊരു അംഗത്തിനും എതിരായി എടുക്കേണ്ടത് എന്തുകൊണ്ട്? ഈ കാര്യത്തിൽ (മനസും രീതിയും മാറ്റുവാനുള്ള എല്ലാ ശ്രമങ്ങൾക്കും ഒടുവിൽ), അത്തരം ഒരു വ്യക്തി "വക്രബുദ്ധിയുള്ളവൻ"[32] ആണ് എന്ന് നമുക്ക് "അറിയാം" (3:11). ഈ കുഴപ്പക്കാരൻ *ക്രിസ്തുവിൽ നിന്നും* അവന്റെ വഴിയിൽ നിന്നും തന്നെ മാറുവാൻ അനുവദിച്ചിരിക്കുകയാണ്. അവൻ "പാപം ചെയ്യുകയാണ്"[33]; അതുകൊണ്ട്, ദൈവത്തിന്റെ സത്യവും നടപ്പും അവൻ "സ്വയം - കുറ്റം വിധിക്കുന്നതായി"[34] കാണിച്ചു തരുന്നു. സഹോദരന്മാർ സത്യത്താലും ആത്മിക വർദ്ധനയാലും അയാൾക്കു കാണിച്ചു കൊടുത്തതിനു വിപരീതമാണ് ചെയ്യുന്നതെന്ന് അയാൾക്ക് അറിയാം, അയാൾ തന്റെ നിലപാടിൽ തന്നെ തുടരുവാൻ നിർബന്ധിതനാകുകയും ചെയ്യുന്നു. അയാൾക്കു നേരിടുന്ന വിധിക്കു അയാളുടെ മാറുവാൻ മനസ്സില്ലാത്ത നടപ്പാണ് ഉത്തരവാദിയായത്. അതു ദുഃഖകരമായ അവസ്ഥയാണ്, പക്ഷെ ഒരാൾ ഈ മാതൃക തുടർന്നു കൊണ്ട് (1 പത്രൊസ് 2:21-25) ക്രിസ്തുവിന്റെ കാൽപാടുകൾ പിൻപറ്റുകയാണെങ്കിൽ, അയാളെ തടയണം (2 തെസ്സലൊനിക്യർ 3:6, 14, 15).

## പാഠം 6: ഉപസംഹാര പരാമർശങ്ങൾ (3:12-15)

ഈ ശോഭയുള്ള ലേഖനത്തിന്റെ ശേഷിച്ച ഭാഗത്തെ ഇന്നു സഹോദരന്മാരെ ബാധിക്കാത്ത വ്യക്തിപരമായ പൗലൊസിന്റെ പരാമർശങ്ങൾ എന്ന നിലയിൽ നാം മാറ്റി നിർത്തുന്നുണ്ട്. അതെന്തൊരു തെറ്റാണ്!

### ക്രമീകരണവും നേട്ടവും (വാ. 12-14)

പൗലൊസ് അർത്തെമാസ്, തിഹിക്കൊസ്, തിത്തൊസ് എന്നിവരെ

ഓരോ സ്ഥലത്തേക്കു മാറ്റുന്നതു നാം വായിക്കുമ്പോൾ (3:12), നാം എപ്പോഴും കർത്താവിന്റെ വേലയിൽ ചേർന്നിരിക്കേണ്ടവരാണെന്നു അതു നമ്മെ ഓർമ്മിപ്പിക്കുന്നു. മുഖ്യ സഹോദരന്മാരെ സേവനത്തിൽ പൗലൊസ് മാറ്റുന്നതു നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു. ആവശ്യത്തിന നുസരിച്ചു സൗകര്യപ്രദമായി സഹോദരന്മാർ നീങ്ങുവാൻ അനുവദിക്കു ക (നോക്കുക തിത്തൊസ് 1:5; പ്രവൃത്തികൾ 13:1–3; 16:6–10). ഈ വെല്ലു വിളി ഉയർത്തുന്ന ഗീതത്തിന്റെ മനോഭാവം നമുക്ക് ഓരോരുത്തർക്കും ആവശ്യമാണ്:

> പ്രിയ കർത്താവേ, ഞാൻ എവിടെ പോകണമെന്നു നീ ആഗ്രഹി ക്കുന്നുവോ ഞാൻ അവിടെ പോകും,
> പർവ്വതത്തിന്മേലായാലും, അല്ലെങ്കിൽ സമതലത്തിലായാലും, കട ലിന്മേലായാലും ശരി;
> പ്രിയ കർത്താവേ, ഞാൻ എന്തു പറയണമെന്നു നീ ആഗ്രഹിക്കു ന്നുവോ ഞാൻ അതു പറയും,
> നീ ആഗ്രഹിക്കുന്നതുപോലെ ഞാൻ ആകും.[35]

വേലക്കാർക്കുള്ള കരുതൽ നടപടിയാണ് ക്രമീകരണം ആവശ്യപ്പെ ടുന്നത്. അതിൽ പൗലൊസ് നിർദ്ദേശിച്ചതായ ശാസ്ത്രിയായിരുന്ന സേനാസും അപ്പൊല്ലോസും ഉൾപ്പെട്ടിരുന്നു (3:13). അവർക്കു "ഒന്നിനും മുട്ടില്ലാതിരിക്കേണ്ടതിനു [അവരെ] സഹായിക്കുവാൻ"[36] അവൻ തിത്തൊ സിനോടു ആവശ്യപ്പെട്ടു. ആ സേവനം "ഉത്സാഹത്തോടെ"[37] ചെയ്യേ ണ്ടിയിരുന്നു. "സുവിശേഷവുമായി പോകുന്നവരെ" സഹായിക്കുവാ നുള്ള നമ്മുടെ അതേ മനോഭാവം ഇന്നത്തെ സഹോദരന്മാർക്കുണ്ടോ?

നാം ചേർച്ചയുള്ളവരും ക്രമീകരണം നടത്തുവാൻ മനസ്സുള്ളവരും ആണെങ്കിൽ, നമുക്കു നേട്ടങ്ങൾ ആസ്വദിക്കുവാൻ കഴിയും. ക്രിസ്ത്യാ നികൾ ഇതു ചെയ്യുവാൻ "പഠിക്കണം"[38] എന്നു പൗലൊസിനു അറിയാ മായിരുന്നു (3:14). നാം "സൽപ്രവൃത്തികളിൽ മുഴുകി"[39] ജീവിക്കുമ്പോൾ നാം ഈ മനോഭാവത്തിൽ ജീവിക്കണം.

സൽപ്രവൃത്തികൾ നാം നിർബന്ധമായും ആവശ്യമാണെന്ന രീതി യിൽ കാണണം, കാരണം ആ ആവശ്യങ്ങൾ "സമ്മർദ്ദം ചെലുത്തുന്ന താണ്."[40] തന്റെ ലേഖനത്തിലെ അവസാന പരാമർശങ്ങൾ വരെ, പൗലൊസ് തന്റെ കാഴ്ചപ്പാടിനു മാറ്റം വരുത്തിയില്ല. അവൻ തിത്തൊ സിനോടും എല്ലാ ക്രിസ്ത്യാനികളോടും അപേക്ഷിച്ചതു സൽപ്രവൃത്തി കൾ നിരന്തരമായി ചെയ്യുവാനും ആ പ്രവൃത്തിയെ ആവശ്യവും, അവ കാശവും, ശരിയുമായി കാണുവാനുമാണ്!

സഹോദരന്മാരുടെ ഈ ക്രമീകരണങ്ങൾക്കും നേട്ടങ്ങൾക്കും ഒരു *വിലയുള്ള ലക്ഷ്യമുണ്ട്*: "അവർ നിഷ്ഫലന്മാർ ആകാതിരിക്കേണ്ടതി നാണ്." യോഹന്നാൻ 15:8-ൽ യേശു പറഞ്ഞു, "നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ, എന്റെ പിതാവു മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും."

## ഒരു മഹത്വകരമായ യോജിപ്പ് (വാ. 15)

താനും തന്റെ സഹപ്രവർത്തകരും തമ്മിലുള്ള യോജിപ്പിന്റെ മനോഭാവം പൗലൊസിന്റെ വാക്കുകളിൽ ദൃശ്യമാണ്: "എന്നോടുകൂടെയുള്ള *എല്ലാവരും* നിങ്ങളെ വന്ദനം ചെയ്യുന്നു" (3:15; എംഫസിസ് മൈൻ). ആ യോജിപ്പ് മറ്റു സ്ഥലങ്ങളിലെ ക്രിസ്ത്യാനികളിലേക്കും പകർന്നിരുന്നു: "വിശ്വാസത്തിൽ ഞങ്ങളെ സ്നേഹിക്കുന്നവരെ വന്ദനം ചെയ്യുവിൻ."

ക്രിസ്ത്യാനികൾക്കിടയിലെ കുടുംബപരമായ യോജിപ്പ് അത്ഭുതാവഹമാണ്. മറ്റു വർഗ്ഗക്കാരും സംസ്ക്കാരക്കാരും ഉള്ള വേറൊരു രാജ്യത്തിൽ ഒരാൾ പോയാൽ അവിടെ കൂട്ടായ്മയുടെ സമൃദ്ധികാണാം. ദൈവത്തിന്റെ പിതൃത്വവും മനുഷ്യർക്കിടയിലെ സാഹോദര്യത്വവും ആത്മാർത്ഥമായി ജ്വലിക്കുന്നു. അവന്റെ കൃപ "നിങ്ങളോട് *എല്ലാവരോടും* കൂടെ ഉള്ളതാക" കൊണ്ട്, ആ യോജിപ്പു ദൈവവുമായുള്ള ബന്ധത്തിലുള്ളതാണ്.

## ചുരുക്കത്തിൽ

*അങ്ങനെ ഈ ചെറുതും പ്രധാനപ്പെട്ടതുമായ ലേഖനം അവസാനിപ്പിക്കുന്നു.* അതു അയച്ചത് ലോകത്തിലെ ധാർമ്മികവും ആത്മികവുമായി ഏറ്റവും ഇരുട്ടു പിടിച്ച ഭാഗത്തേക്കായതുകൊണ്ട്, അതു നമ്മുടെ പര്യാപ്തതക്കു ക്രിസ്തു മുഖാന്തരമുള്ള ദൈവത്തിന്റെ വീണ്ടെടുപ്പാണ് പ്രകാശിപ്പിക്കുന്നത് (2 കൊരിന്ത്യർ 3:4–6).

പൗലൊസിന്റെ വിവരണത്തിൽ, തിത്തൊസിനോട്, അധഃപതനത്തിലായ തന്റെ ജനവുമായി തിത്തൊസിന്റെയും, ക്രേത്തരുടെയും സദ്വാർത്ത പങ്കിടുവാനാണ് ആവശ്യപ്പെട്ടതു. അവരുടെ അവസ്ഥ മനസ്സിലാക്കി, തിത്തൊസിനു എന്തുചെയ്യുവാൻ പറ്റുമെന്നും എന്തു ചെയ്യണമെന്നും എന്ന കാര്യത്തിൽ പൗലൊസ് ചഞ്ചലപ്പെട്ടില്ല.

> [പൗലൊസ് തിത്തൊസിനോടു പറഞ്ഞില്ല:] "അവരുടെ വഴിക്കു വിടുക. അവർ പ്രത്യാശയില്ലാത്തവരാണെന്ന് എല്ലാവർക്കും അറിയാം." അവൻ പറയുന്നു: "അവർ മോശക്കാരാണെന്ന് എല്ലാവർക്കും അറിയാം. *പോയി അവരെ പരിവർത്തനം ചെയ്യുക.*" ക്രിസ്തീയ മിഷ്ണറിക്കും സുവിശേഷകനും വേണ്ട ശുഭാപ്തി വിശ്വാസത്തെ കാണിക്കുന്ന ഏതാനും വേദഭാഗങ്ങൾ ഉണ്ട്, അവർ ഒരു മനുഷ്യനെയും കൊള്ളരുതാത്തവൻ എന്നു കരുതുകയില്ല. ദുഷ്ടത കൂടുന്തോറും, വെല്ലുവിളിയും കൂടും. യേശുക്രിസ്തുവിന്റെ കൃപക്കു നേരിട്ടു കീഴ്പ്പെടുത്തുവാൻ കഴിയാത്ത ഒരു പാപവും അത്ര വലുതായിട്ടില്ല.[41]

ആ ഒരു ശുഭാപ്തി വിശ്വാസത്തോടെയും പറയേണ്ട സത്യവുമായി, ദൈവത്തിന്റെ സ്വന്തജനമായി ഭൂമിയിലെ ഇരുണ്ട ഭാഗങ്ങളിലേക്കു, "സൽപ്രവൃത്തികൾക്കായുള്ള ശുഷ്ക്കാന്തിയോടെ" നമുക്കു പോകാം (2:14).

കുറിപ്പുകൾ

[1]അനുസരണം (ഗ്രീക്ക്.: *പെയിതർചെയോ*) – "(ഒരു ഭരണാധികാരിയെ അല്ലെങ്കിൽ ഉയർന്നവനെ) അനുസരിക്കുക പ്രവൃത്തികൾ 5:29, 32 ... നാടുവാഴികളെ അനുസരിക്കുക, തിത്തൊസ് 3:1 ... എന്തെങ്കിലും ഉപദേശിക്കുന്നവനെ ശ്രദ്ധിക്കൽ" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 497). [2]അധികാരി (ഗ്രീക്ക്.: *എക്സോസിയ*) – "ഒരു ഭരണാധികാരി, മാനുഷ നാടുവാഴി ... തിത്തൊ. 3:1 ..." (തേയർ, 225). [3]ഒരുങ്ങുക (ഗ്രീക്ക്.: *എറ്റോയിമോസ്*) – "തയ്യാറാകുക ... അവസരം, തക്ക കാലത്തുള്ള; തയ്യാറെടുപ്പ്, ഒരുങ്ങുക" (തേയർ, 255). [4]നിന്ദ്യം (ഗ്രീക്ക്.: *ബ്ലാസ്ഫെമോ*) "നിന്ദ്യമായി സംസാരിക്കുക, അപമാനിക്കുക, അധിക്ഷേപിക്കുക ... ദുഷിച്ചു സംസാരിക്കുക ... [പ്രത്യേകിച്ച്,] മനഃപ്പൂർവ്വമായി ദൈവത്തോടും വിശുദ്ധമായവയോടും ആദരവില്ലാതെ നിന്ദിച്ചു സംസാരിക്കുക" (തേയർ, 102). [5]കലഹിക്കാതെ (ഗ്രീക്ക്.: *ആമാക്കോസ്*) – "... വഴക്കുണ്ടാക്കാതിരിക്കുക ... പോരാട്ടത്തിൽ നിന്നു ഒഴിവാകുക ... കലഹിക്കാതിരിക്കുക: 1 തിമൊ. 3:3; തിത്തൊ. 3:2" (തേയർ, 31). [6]ശാന്തൻ (ഗ്രീക്ക്.: *എപ്പിയെയിക്കെസ്*) "തോന്നുന്നത് ... യോജിച്ചതായി, നല്ലതായി, സൗമ്യമായി, 1 തിമൊ. 3:3; തിത്തൊ. 3:2; 1 പത്രൊ. 2:18; യാക്കൊ. 3:17 ... ഫിലി. 4:5" (തേയർ, 238). [7]സകല പരിഗണനയും (ഗ്രീക്ക്.: *പ്രോറ്റെസ്*) "... സൗമ്യത, താഴ്മ, മര്യാദ, പരിഗണിക്കത്തക്ക, സൗമ്യത ... തിത്തൊ. 3:2 ... ഗലാ. 5:23; കൊലൊ. 3:12; എഫെ. 4:2 ... 2 തിമൊ. 2:25 ... ഒരു ബിഷപ്പിന്റെ സ്വഭാവം, 1 തിമൊ. 3:2" (വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർളി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 2 ഡി എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 705). [8]വില്യം ബാർക്ക്ലേ, *ന്യൂ ടെസ്റ്റമെന്റ് വേഡ്സ്* (ലണ്ടൻ: എസ് സി എം പ്രെസ്, 1964), 240 എഫ് എഫ്. [9]ബുദ്ധികെട്ടവർ (ഗ്രീക്ക്.: *അനേറ്റോസ്*) "... മനസ്സിലാക്കാത്ത, ബുദ്ധി ശൂന്യ മായ, ... 1 തിമൊ. 6:9 ...." (തേയർ, 48); "... ബുദ്ധിയില്ലാത്ത ... ചിന്തിക്കാത്ത ... മൗഢ്യമായ" (എഡ്വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 60). [10]അനുസരണം കെട്ട (ഗ്രീക്ക്.: *അപെയിതെസ്*) "... പ്രേരിപ്പിക്കുവാൻ കഴിയാത്ത, അവിശ്വസിക്കുന്ന, ... റോ. 1:30; 2 തിമൊ. 3:2 ... തിത്തൊ. 1:16; 3:3" (റോബിൻ സൺ, 69).

[11]വഞ്ചിച്ചു (ഗ്രീക്ക്.: *പ്ലാനോ*) – "... ദൂരെയാകുക ... അലഞ്ഞുതിരിയുക ... ചതിക്കപ്പെട്ട ... തിത്തൊ. 3:3, അവരുടെ മനസു അകലുന്നു, എബ്രാ. 3:10 ... ഒരാളുടെ തീരുമാനത്തിൽ തെറ്റിദ്ധരിക്കുക ... മർക്കൊ. 12:24 ... 2 തിമൊ. 3:13" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 671); "തെറ്റിന് ഇടവരുക ... തെറ്റായ അഭിപ്രായം ഉണ്ടാക്കുക ... സത്യത്തിൽ നിന്നകലുക" (റോബിൻസൺ, 586). [12]മോഹങ്ങൾ (ഗ്രീക്ക്.: *എപിത്തുമിയ*) – "വിലക്കിയിരിക്കുന്ന എന്തെങ്കിലും മോശമായ നിലയിൽ ആഗ്രഹിക്കുക" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 293); "സുഖവുമായി" സംയോജിപ്പിച്ചിരിക്കുന്നു (ഗ്രീക്ക്.: *ഹെഡോണേ*) – "തൃപ്തിക്കായി, ആസ്വാദനത്തിനാ

യി, ... ഭോഗേഛക്കായി: ലൂക്കൊ. 8:14 ... തിത്തൊ. 3:3; യാക്കൊ. 4:3; 2 പത്രൊ. 2:13 ... മോഹം, ആർത്തി, ആഗ്രഹം, യാക്കൊ. 4:1" (റോബിൻസൺ, 323). [13]അധീനർ (ഗ്രീക്ക്.: *ഡൗലെയോ*) – "മോശമായ രീതിയിൽ ഏതെങ്കിലും ശക്തിക്കു കീഴ്പ്പെടൽ, പറ്റിച്ചേരൽ, തന്നെത്താൻ വിട്ടുകൊടുക്കുക ... റോ. 6:6 ... 7:25 ... തിത്തൊ. 3:3 ... അടിമപ്പെടുക, കീഴ്പ്പെടുത്തുക ... സേവിക്കുക, കീഴടങ്ങുക ... മറ്റൊരാളുടെ ഇംഗിതത്തിനു പൂർണ്ണമായി വശംവദനാകുക, 1 കൊ. 7:23 ... യോ. 8:34; റോ. 6:17, 20" (തേയർ, 157–58). [14]ഈർഷ്യ (ഗ്രീക്ക്.: *കാക്കിയ*) – "പുതിയ നിയമത്തിൽ മോശം, ധാർമ്മിക അർത്ഥത്തിൽ തിന്മ ... ദുഷ്ടത, അധഃപതിച്ച ... യാക്കൊ. 1:21; 1 പത്രൊ. 2:16 ... വിദ്വേഷം ... എഫെസ്യർ 4:31; കൊലൊസ്യർ 3:8; തിത്തൊസ് 3:3; 1 പത്രൊസ് 2:1" (റോബിൻസൺ, 370). [15]അസൂയ (ഗ്രീക്ക്.: *ഫ്‌ത്തോനോസ്*) – "അസൂയ, അസൂയയുള്ള ... തിത്തൊസ് 3:3 ... റോമ. 1:29" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 865). [16]ലൂയിസ് സി. ഹെൻറി, *ബെസ്റ്റ് ക്വട്ടേഷൻസ് ഫോർ ഓൾ ഒക്കേഷൻസ്* (ഗ്രീൻവിച്ച്, കോൺ.: ഫാസെറ്റ് പബ്ലിക്കേഷൻസ്, 1945), 68. [17]പക (ഗ്രീക്ക്.: *സ്റ്റുജെറ്റോസ്*) – "പകക്കുക ... കഠിനമായി വെറുക്കുക, ദേഷ്യപ്പെടുക, തിത്തൊസ് 3:3" (തേയർ, 591). [18]ദയ (ഗ്രീക്ക്.: *ക്രെസ്റ്റിറ്റെസ്*) – "ധാർമ്മിക നന്മ, ആത്മാർത്ഥത ... ദയ. റോ. 2:4 ... കൊലൊസ്യർ 3:12; തിത്തൊസ് 3:4" (തേയർ, 672). [19]റോബിൻസൺ, 787. [20]സ്നേഹം (ഗ്രീക്ക്.: *ഫിലാന്ത്രോപിയ*) – "മനുഷ്യ സ്നേഹം, ധർമ്മോപകാരം ... തിത്തൊസ് 3:4" (തേയർ, 653); "... ദൈവത്തിന്റെ ദയ ... ഭരണാധികാരികളുടെ ഗുണം. ... അതിഥി സൽക്കാരത്തോടെയുള്ള അർത്ഥത്തിൽ" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 866).

[21]കരുണ (ഗ്രീക്ക്.: *എലെയോസ്*) – "... കരുണ: പാപികളോടുള്ള ദൈവത്തിന്റെ കരുണ, തിത്തൊസ് 3:5 ... കുഴപ്പത്തിലായവരെ സഹായിക്കുവാനുള്ള ഒരുക്കം ... കുഴപ്പം പിടിച്ച വേദനിക്കുന്നവരെ സഹായിക്കൽ, അതിനോടൊപ്പം അവരെ അതിൽ നിന്നു വിടുവിക്കുവാനുള്ള ആഗ്രഹം" (തേയർ, 203–4). [22]"നീതി പ്രവൃത്തികൾക്കു വിപരീതമായാണ് തിത്തൊസിന്റെ ലേഖനത്തിൽ ഇപ്പോൾ നാം പരിഗണിച്ചതായ വേദഭാഗം. സ്നാനം ഒരു വിശ്വാസ പ്രവൃത്തിയാണ്. അതു രക്ഷ നേടുവാനുള്ള നീതി പ്രവൃത്തിയല്ല, അതുകൊണ്ട് രക്ഷ 'പ്രവൃത്തികളാലല്ല' എന്നു പറയുന്ന വേദഭാഗങ്ങൾ മുൻപു ഉൾപ്പെടുത്തിയിട്ടുണ്ട്." (റെയ്മണ്ട് കെൽസി, "ടൈറ്റസ്," *മെസേജസ് ഓഫ് ദ ബുക്ക്സ് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ഫോർട്ട് വർത്ത്, ടെക്സ്.: ഫോർട്ട് വർത്ത് ക്രിസ്റ്റ്യൻ കോളേജ് ബുക്ക്സ്റ്റോർ, 1961]), 254). [23]നവീകരിക്കൽ (ഗ്രീക്ക്.: *അനാകൈനോസിസ്*) – "പുനരുദ്ധരിക്കൽ, നല്ലതിനായുള്ള പൂർണ്ണ മാറ്റം ... പരിശുദ്ധാത്മാവിനാൽ സംഭവിക്കുന്നത്, തിത്തൊസ് 3:5" (തേയർ, 38). നോക്കുക പ്രവൃത്തികൾ 2:38; 5:32; റോമർ 8:9). [24]ലോയ്ഡ് കോറി, *കോട്ടബിൾ ക്വട്ടേഷൻസ്* (വീറ്റൺ, Ill.: വിക്റ്റർ ബുക്ക്സ്, 1985), 118. [25]ആത്മവിശ്വാസത്തോടെ (ഗ്രീക്ക്.: *ഡയബെബായിയോമായി*) – "ശഠിക്കുക" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 180). [26]എർപ്പെടുക (ഗ്രീക്ക്.: *പ്രോയിസ്റ്റാസ്തായി*) – "വെക്കുക അല്ലെങ്കിൽ മുൻപിൽ വെക്കുക ... 1 തിമൊഥെയൊസ് 5:17 ... സംരക്ഷകൻ ആകുക ... കരുതുക, ശ്രദ്ധിക്കുക ... സത്യസന്ധമായ ജോലിയിൽ ഏർപ്പെടുക" (തേയർ, 539–40). സുവിശേഷകൻ ഈ വെല്ലുവിളി നടപ്പിലാക്കുവാൻ സ്വയം – ആരംഭിക്കണം. [27]നിർത്തുക (ഗ്രീക്ക്.: *പെരിയിസ്റ്റെമി*) – "ഒരാളുടെ വ്യക്തിത്വത്തെ തിരിക്കുക ... അത് എന്തെങ്കിലും ഒഴിവാക്കുന്നതിനായിരിക്കും, അതുകൊണ്ട്, ഒഴിവാക്കുക, നിർത്തുക, 2 തിമൊ.

2:16; തിത്തൊ. 3:9" (തേയർ, 503). [28]മൗഢ്യം (ഗ്രീക്ക്.: *മോറോസ്*) - "പഠിക്കാതെ അല്ലെങ്കിൽ അറിവില്ലാതെ, 1 കൊരി. 1:27; 3:18; 4:10 ... മുൻവിചാരം അല്ലെങ്കിൽ ജ്ഞാനം കൂടാതെ, മത്താ. 7:26; 23:17, 19 ... വൃഥാ, ഉപയോഗമില്ലാത്ത ... 2 തിമൊ. 2:23; തിത്തൊ. 3:9 ... ഭക്തിരഹിതമായ, ദൈവമില്ലാത്ത (കാരണം അത്തരം വ്യക്തി രക്ഷയുമായുള്ള ബന്ധത്തെ നിന്ദിക്കയും ഉപേക്ഷിക്കയും ചെയ്യും), മത്താ. 5:22" (തേയർ, 420). [29]തർക്കം (ഗ്രീക്ക്.: *മാച്ചേ*) - "എതിർപ്പു ... ആയുധങ്ങളുമായ ഒരു പോരാട്ടം, ഒരു യുദ്ധം, വ്യത്യാസമുള്ള മനുഷ്യരുമായി ... ഒരു വഴക്ക്: 2 കൊരി. 7:5; 2 തിമൊഥെയൊസ് 2:23; യാക്കൊബ് 4:1 ... തിത്തൊസ് 3:9" (തേയർ, 394). [30]വില്യം ബാർക്ക്‌ലേ, *ദ ലെറ്റേഴ്സ് ടു തിമൊഥി, ടൈറ്റസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ് മിൻസ്റ്റർ പ്രെസ്, 1960), 303.

[31]ഭിന്നത (ഗ്രീക്ക്.: *ഹെയിറെറ്റിക്കോസ്*) - "പക്ഷവാദി, 'ഭിന്നത' ഇഷ്ടപ്പെടുന്ന ആൾ, തിത്തൊസ് 3:10 ... ഭിന്നിപ്പുണ്ടാക്കുന്നവൻ" (റോബിൻസൺ, 17; "... ഭിന്നതക്കു കാരണം ഉണ്ടാക്കൽ" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 23); "... ഛിദ്രവാസനയുള്ളവൻ ... ദുരുപദേശത്തെ പിൻപറ്റുന്നവൻ" (തേയർ, 16). [32]വക്രബുദ്ധി (ഗ്രീക്ക്.: *എക്സെസ്ട്രാപ്റ്റായി*) - "തിരിയുക അല്ലെങ്കിൽ വളയ്ക്കുക ... പുറം തിരിക്കുക. ... തിരിക്കുക, പരിവർത്തനം ചെയ്യുക, ഒരാളുടെ വഴികളെയും ജീവിതത്തെയും മാറ്റുക ... കോട്ടി മറിക്കുക ... വിശ്വാസത്തിൽ നിന്നു തിരിക്കുക ... തിത്തൊസ് 3:11" (റോബിൻസൺ, 234); പൂർണ്ണമായും തലതിരിഞ്ഞ ഉല്പന്നം. [33]പാപം (ഗ്രീക്ക്.: *ഹർമാർറ്റനേയി*) - "... ഒരു നഷ്ടം, തെറ്റ്, പിശക് ... ശരിയിൽ നിന്നു, കടമയിൽ നിന്ന്, നിയമത്തിൽ നിന്ന് സ്വയമായി വേർപെടൽ" (റോബിൻസൺ, 35). [34]സ്വയം - കുറ്റം വിധിച്ചിരിക്കുന്നു (ഗ്രീക്ക്.: *ആട്ടോകാറ്റാക്രിറ്റോസ്*) - "ഒരാൾ തന്നെത്തന്നെ കുറ്റപ്പെടുത്തുക" (റോബെർട്ട് യങ്ങ്, *അനലിറ്റിക്കൽ കൺകോർ ഡൻസ് ടു ദ ബൈബിൾ* [ന്യൂയോർക്ക്: ഫങ്ക് & വാഗ്നാൾസ് കമ്പനി., 1893], 196). [35]മേരി ബ്രൗൺ, "നീ എവിടെ പോകണമെന്നാഗ്രഹിക്കുന്നുവോ ഞാൻ അവിടെ പോകും." [36](അവന്റെ) വഴിയാത്രയിൽ (അവനെ) സഹായിക്ക (ഗ്രീക്ക്.: *പ്രൊപെമ്പ്സൺ*) - "ഒരാളുടെ യാത്രയിൽ ആഹാരം, പണം, കൂട്ടാളികളെ ഏർപ്പെടുത്തൽ, യാത്രയ്ക്ക് വേണ്ടത് എന്നിവയാൽ സഹായിക്കുക ... 1 കൊരി. 16:11 ... തിത്തൊസ് 3:13" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 716). [37]ഉത്സാഹിക്ക (ഗ്രീക്ക്.: *സ്പൗഡസോ*) - "... ധൃതി പിടിക്കുക ... 2 തിമൊഥെയൊസ് 4:9, 21; തിത്തൊസ് 3:12 ... ഒരാൾ സ്വയം പുറത്തുവരിക, ശ്രമിക്കുക, ഉത്സാഹിക്കുക ... ഗലാ. 2:10; എഫെ. 4:3 ..." (തേയർ, 585). [38]പഠിക്കുക (ഗ്രീക്ക്.: *മാന്തനേറ്റോസൻ*) - ഈ വാക്ക് പഠിക്കുന്നതിൽ പൊതുവായതും സമർപ്പണത്തോടെയുമുള്ള ശ്രമം നടത്തുവാൻ ആവശ്യപ്പെടുന്നത് "മറ്റുള്ളവരിൽ നിന്നു അന്വേഷിക്കുന്നതിൽ, അല്ലെങ്കിൽ ഉപദേശത്തിൽ, പഠനത്തിൽ, നിരീക്ഷണത്തിൽ, പഠിക്കുവാൻ, പഠിപ്പിക്കുവാൻ ... 1 തിമൊ. 2:11; 2 തിമൊ. 3:7 ... മത്താ. 11:29 ... ആരെയെങ്കിലും പഠിക്കുക, അതായതു അവന്റെ ഉപദേശങ്ങൾ, വഴികൾ ... അറിയിച്ചത് ... മനസ്സിലാക്കുക, ഗ്രഹിക്കുക, വെളി. 14:3 ... പരിചയത്താൽ പഠിക്കുക, ... സ്വാഭാവികമായി ചെയ്യുക, ആഗ്രഹിക്കത്തക്ക ... 1 തിമൊഥെയൊസ് 5:4, 13; തിത്തൊസ് 3:14" (റോബിൻസൺ, 442). [39]ഏർപ്പെടുക (ഗ്രീക്ക്.: *പ്രോയിസ്റ്റെമി*) - "ഉത്സാഹം കാണിക്കുക, പരിശീലിക്കുക, നിലനിർത്തുക, എന്തും ശ്രദ്ധിക്കുക" (റോബിൻസൺ, 620). [40]ശഠിക്കൽ (ഗ്രീക്ക്.: അനഗ്കായി

യോസ്) – "ആവശ്യമായത്, നിർബ്ബന്ധിക്കുന്നത് ... ആവശ്യമായ. ... അതൊരു കടമയായ കാര്യം, എബ്രാ. 8:3 ... ശരിയായും നേരായും ചിന്തിക്കുക, 2 കൊരി. 9:5; ഫിലി. 2:25" (റോബിൻസൺ, 43–44).

[41]ബാർക്ക്‌ലേ, 278.


കരിങ്കടൽ
ആയേഗ്യൻ
കടൽ
മദ്ധ്യധരണ്യാഴി